**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1554** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്മാം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | (എ) | കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്മാം (Sub-Mission on Agricultural Mechanization) പദ്ധതിയിലൂടെ പ്രധാനമായും മൂന്നു തരം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാകുന്നത്. i. വ്യക്തിഗത ഗുണഭോക്താക്കൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനായി 40 മുതൽ 60 ശതമാനം വരെ സബ്സിഡി നൽകുന്നു. ചെറുകിട നാമമാത്ര കർഷകർ, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർ, വനിതകൾ എന്നിവർക്ക് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 50 ശതമാനം വരെയും മറ്റ് കർഷകർക്ക് 40 ശതമാനം വരെയും, വിള സംസ്കരണ വുമായി ബന്ധപ്പെട്ട മെഷീനുകൾ വാങ്ങുന്നതിനായി ചെറുകിട നാമമാത്ര കർഷകർ, പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർ, വനിതകൾ എന്നിവർക്ക് 50 മുതൽ 60 ശതമാനം വരെയും മറ്റു കർഷകർക്ക് 40 മുതൽ 50 ശതമാനം വരെയും സബ്സിഡി നൽകുന്നു. ii. വ്യക്തികൾക്കും കാർഷിക സ്വയം സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എഫ്.പി.ഒ. തുടങ്ങിയവക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (Custom Hiring Centre) സ്ഥാപിക്കുന്നതിന് 60 ലക്ഷം വരെയുള്ള പ്രൊജക്ടുകൾക്ക് 40 ശതമാനം വരെ സബ്സിഡി നൽകുന്നു. iii. കാർഷിക യന്ത്രവൽക്കരണം കുറവായ തെരഞ്ഞെടുത്ത വില്ലേജുകളിൽ കാർഷിക യന്ത്രോപകരണങ്ങളുടെ ബാങ്കുകൾ (Farm Machinery Bank) സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, പഞ്ചായത്തു കൾ, തുടങ്ങിയവക്ക് 10 ലക്ഷം വരെയുള്ള പ്രൊജക്ടുകൾക്കു പരമാവധി 80 ശതമാനം വരെ സബ്സിഡി നൽകുന്നു. |
| (ബി) | ആർക്കൊക്കെയാണ് ഈ പദ്ധതിയുടെ | (ബി) | വ്യക്തിഗത ഗുണഭോക്താക്കൾ, ഗ്രാമീണ സംരംഭകർ, |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ ലഭിക്കുക എന്ന് വ്യക്തമാക്കുമോ; | | രജിസ്റ്റേഡ് കർഷക ഗ്രൂപ്പുകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), പഞ്ചായത്തുകൾ തുടങ്ങിയവക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ വിവിധ ഘടകങ്ങളിലായി ലഭ്യമാണ്. |
| (സി) | ഇതിനായി എന്തൊക്കെ രേഖകളാണ് കർഷകർ ഹാജരാക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | വ്യക്തിഗത കർഷകർ മൊബൈൽ നമ്പർ, ആധാർ കാർഡ്, ഫോട്ടോ, വസ്തുവിന്റെ കരം തീർത്ത രസീത്/ കൈവശാവകാശ രേഖ, ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ എന്നിവയും, ഗ്രൂപ്പുകൾ പാൻ കാർഡ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ വിശദവിവരങ്ങൾ എന്നിവയും ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടത്. |

സെക്ഷൻ ഓഫീസർ